# പഠ്ന ലിഖ്ന അഭിയാൻ

2022 ജനുവരി 31

വാർത്താപത്രിക

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

കേരളസംസ്ഥാന
സാക്ഷരതാമിഷൻ അതോറിറ്റി

# പഠ്ന ലിഖ്ന അഭിയാൻ ക്ലാസുകൾക്ക് തുടക്കമായി

**കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ** സാക്ഷരതാസ്കീമിൽ രണ്ട് ലക്ഷം പേരെ സാക്ഷരരാക്കുന്നതിനായി സംസ്ഥാന സാക്ഷരതാമിഷൻ നടപ്പിലാക്കുന്ന പഠ്ന ലിഖ്ന അഭിയാൻ പദ്ധതിയുടെ ക്ലാസുകൾ ആരംഭിച്ചു. കേരളത്തിൽ നിന്നും അഞ്ച് ജില്ലകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളെയാണ് പദ്ധതിക്കായി തെരഞ്ഞെടുത്തത്.

നിരക്ഷരരെ കണ്ടെത്തുന്നതിനുള്ള സർവേ വയനാട് ഒഴികെയുള്ള ജില്ലകളിൽ 2021 ഡിസംബർ 11 മുതൽ 15 വരെ നടത്തി. ഡിസംബർ 20ന് ക്ലാസുകളും ആരംഭിച്ചു.

വയനാട് ജില്ലയിൽ ഡിസംബർ 27 ന് സർവേ പൂർത്തിയാക്കി 2022 ജനുവരി ഒന്നിന് ക്ലാസുകൾ ആരംഭിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. സാക്ഷരതാമിഷൻ തയ്യാറാക്കിയ പാഠപുസ്തകത്തെ അടിസ്ഥാനമാക്കി 120 മണിക്കൂർ ക്ലാസുകളാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

ദേശീയ സാക്ഷരതാമിഷന്റെ മാർഗനിർദേശപ്രകാരമാണ് ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിച്ചിരിക്കുന്നത്. പട്ടികജാതി, പട്ടികവർഗം, സ്ത്രീകൾ, ന്യൂനപക്ഷങ്ങൾ എന്നീ വിഭാഗത്തിലുള്ളവർക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുക. ജനറൽ വിഭാഗത്തിലുള്ളവരെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 15 വയസ്സിനുമുകളിൽ പ്രായമുള്ളവരാണ് പഠിതാക്കൾ. പദ്ധതിയിൽ ക്ലാസെടുക്കുന്നവരെ വളണ്ടറി ടീച്ചർ എന്ന നിലയിലാണ് പരിഗണിക്കുക. എട്ട് മുതൽ പത്ത് വരെ പഠിതാക്കൾക്ക് ഒരു വളണ്ടറി ടീച്ചർ എന്നതാണ് ദേശീയ സാക്ഷരതാമിഷന്റെ മാർഗനിർദേശം. 2022 മാർച്ച് 31 വരെയാണ് പദ്ധതിയുടെ കാലയളവ്.

സാമൂഹ്യ സന്നദ്ധ പ്രവർത്തകർ, വിദ്യാർഥികൾ, കുടുംബശ്രീ പ്രവർത്തകർ, പത്താംതരം, ഹയർ സെക്കൻഡറി തുല്യതാകോഴ്സുകളിലെ മുൻപഠിതാക്കൾ, അധ്യാപകർ, തുല്യതാഅധ്യാപകർ എന്നിവരെ ഉൾപ്പെടുത്തിയാണ് ക്ലാസുകൾ നടത്തുന്നത്. സർവേ സംഘടിപ്പിക്കുന്നതിനും സന്നദ്ധ പ്രവർത്തകരെ അണിനിരത്തുന്നതിനും ക്ലാസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി എൻ.എസ്.എസ്, എൻ.സി.സി, കുടുംബശ്രീ, ലൈബ്രറി കൗൺസിൽ, ഡയറ്റ് പ്രിൻസിപ്പൽമാർ, നെഹ്റുയുവകേന്ദ്ര, യുവജനക്ഷേമ ബോർഡ് എന്നിവരുടെ സഹകരണവുമുണ്ട്.



## പ്രവേശനോത്സവം

### തിരുവനന്തപുരം

**സംസ്ഥാന** സാക്ഷരതാമിഷൻ അതോറിറ്റി നടപ്പിലാക്കുന്ന കേന്ദ്ര സംസ്ഥാന സർക്കാരിന്റെ സംയുക്ത പദ്ധതിയായ പഠ്ന ലിഖ്ന അഭിയാൻ തിരുവനന്തപുരം ജില്ലയിലെ ക്ലാസുകളുടെ ഉദ്ഘാടനം ബീമാപള്ളി പത്തേക്കർ സുനാമി കോളനിയിൽ ബഹു. ഗതാഗത മന്ത്രി അഡ്വ.ആന്റണി രാജു നിർവഹിച്ചു. 71 വയസ്സുള്ള ഐഷാ ബീവിയെ ആദ്യാക്ഷരം എഴുതിപ്പിച്ചുകൊണ്ടാണ് പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തത്.

തിരുവനന്തപുരം നഗരസഭ ഡെപ്യൂട്ടി മേയർ ശ്രീ. പി.കെ. രാജു അധ്യക്ഷനായി. നഗരസഭ വിദ്യാഭ്യാസ-കായിക സ്ഥിരംസമിതി അധ്യക്ഷ ഡോ.റീനാ കെ.എസ് മുഖ്യപ്രഭാക്ഷണം നടത്തി. നഗരസഭാക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷൻ ശ്രീ. എസ്. സലീം, നഗരസഭാനികുതി അപ്പീൽകാര്യ സ്ഥിരംസമിതി അധ്യക്ഷൻ ശ്രീ. എസ്.എം. ബഷീർ, കൗൺസിലർമാരായ ശ്രീ. സുധീർ ജെ, ശ്രീമതി മിലാനി പെരേര, ശ്രീമതി മേരി ജിപ്സി, ശ്രീ. സെറഫിൻ, ശ്രീമതി ഷാജിദ നാസർ എന്നിവർ പങ്കെടുത്തു.





ബഹുമാന്യരേ,

പന്ത്രണ്ടുവർഷങ്ങൾക്കുശേഷമാണ് കേന്ദ്രസർക്കാരിന്റെ ഒരു സാക്ഷരതാസ്കീമിൽ കേരളം ഉൾപ്പെടുന്നത്. നിരവധി പദ്ധതികൾ പ്രൊപ്പോസലായി സമർപ്പിക്കുകയും കേരളത്തിന്റെ നൂതന സാക്ഷരതാപദ്ധതികൾ നിതി ആയോഗ് ഉൾപ്പെടെ പ്രശംസിക്കുകയും ചെയ്ത പശ്ചാത്തലത്തിലാണ് കേരളത്തിന് അർഹമായ പരിഗണന ലഭിച്ചത്. അങ്ങനെ നമുക്ക് പഠ്ന ലിഖ്ന അഭിയാൻ എന്ന കേന്ദ്രാവിഷ്കൃത സാക്ഷരതാസ്കീമിൽ ഇടം നേടാൻ കഴിഞ്ഞു.

കൊവിഡ് സാഹചര്യത്തിലെ നിയന്ത്രണങ്ങൾ കാരണം കേന്ദ്ര സർക്കാർ നിർദേശിച്ച സമയത്ത് ആരംഭിക്കാനോ പൂർത്തിയാക്കാനോ കഴിയാതിരുന്ന പദ്ധതി നമ്മൾ ഡിസംബറിലാണ് തുടങ്ങിയത്. 2022 മാർച്ച് 31 വരെ കേരളത്തിന് കേന്ദ്രസർക്കാർ സമയം അനുവദിച്ചിട്ടുണ്ട്. വളരെ ത്വരിതഗതിയിൽ ചിട്ടയായി നമ്മുടെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണ്.

എങ്കിലും കൊവിഡ് മൂന്നാംതരംഗം നമ്മുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ആദിവാസി-പട്ടികജാതി- ന്യൂനപക്ഷ മേഖലകൾക്കാണ് പദ്ധതി കൂടുതൽ ഊന്നൽ നൽകിയിരിക്കുന്നത്. ഇവിടം പൊതുവെ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളാണ് എന്നത് കൊവിഡ് കാലത്ത് ഉദ്ദേശിച്ച വിധത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് പരിമിതി സൃഷ്ടിക്കുന്നുണ്ട്. എങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സന്നദ്ധപ്രവർത്തകരുടെ പൂർണസഹകരണത്തോടെ നമ്മൾ മുന്നോട്ടുപോകുകയാണ്.

പഠ്ന ലിഖ്ന അഭിയാനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ജനുവരി മാസത്തെ സംക്ഷിപ്തരൂപമാണ് ഈ വാർത്താപത്രിക.

പദ്ധതി വിജയിപ്പിക്കാൻ നിസ്വാർഥമായി പ്രവർത്തിക്കുന്ന എല്ലാവർക്കും നന്ദി.

സ്നേഹത്തോടെ

ഡോ. പി.എസ് ശ്രീകല
എഡിറ്റർ & ഡയറക്ടർ

# പരിശീലന പരിപാടികൾ

## തിരുവനന്തപുരം

**പഞ്ചായത്ത്തല** റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനം അഡ്വ. വി.കെ. പ്രശാന്ത് എം.എൽ.എ ഉദ്ഘാടനം ചെയ്തു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ്കുമാർ അധ്യക്ഷനായി. ജില്ലാപഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷരായ ശ്രീ. വിളപ്പിൽ രാധാകൃഷ്ണൻ, ശ്രീ. എം. ജലീൽ, ശ്രീമതി എസ്. സുനിത, ജില്ലാപഞ്ചായത്ത് സെക്രട്ടറി ശ്രീ. റോയ് മാത്യു എന്നിവർ പങ്കെടുത്തു. ഡയറ്റ്പ്രതിനിധികളായ ഡോ. ആർ, മേഴ്സി, ശ്രീ. സതീഷ് ചന്ദ്ര ബാബു എന്നിവർ പരിശീലനം നൽകി.





## മലപ്പുറം





മലപ്പുറം ജില്ലാതല റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എം.കെ. റഫീഖ ഉദ്ഘാടനം ചെയ്തു. സ്ഥിരംസമിതി അധ്യക്ഷ ശ്രീമതി ആലിപ്പറ്റ ജമീല അധ്യക്ഷയായി. ഡയറക്ടർ ഡോ. പി.എസ്. ശ്രീകല മുഖ്യപ്രഭാഷണം നടത്തി.

## ഇടുക്കി




ജില്ലാഡയറ്റിന്റെയും ജില്ലാസാക്ഷരതാമിഷന്റെയും ആഭിമുഖ്യത്തിൽ മൂന്നാർ ബി.ആർ.സി ഹാളിൽ നടന്ന ജില്ലാതല വളണ്ടറി ടീച്ചേഴ്സ് പരിശീലനം ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ അഡ്വ. ഭവ്യ ഉദ്ഘാടനം ചെയ്യുന്നു.



ജില്ലാഡയറ്റിന്റെയും ജില്ലാസാക്ഷരതാമിഷന്റെയും നേതൃത്വത്തിൽ തൊടുപുഴ ഡയറ്റിൽ ഇൻസ്ട്രക്ടർ പരിശീലനം മുൻസിപ്പൽ ചെയർമാൻ ശ്രീ. സനീഷ് ജോർജ്ജ് ഉദ്ഘാടനം ചെയ്യുന്നു.

## വയനാട്



ജില്ലാതല റിസോഴ്സ് ഗ്രൂപ്പ് പരിശീലനം സാക്ഷരതാമിഷൻ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. സന്ദീപ് ചന്ദ്രൻ എ. നിർവഹിച്ചു.

## പാലക്കാട്



പഞ്ചായത്ത്തല വളണ്ടറി ടീച്ചേഴ്സ് പരിശീലന പരിപാടികളുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബിനുമോൾ നിർവഹിച്ചു. തരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രമണി ടീച്ചർ അധ്യക്ഷയായി.

# പാഠപുസ്തക വിതരണം



ഇടുക്കി ജില്ലയിൽ തൊടുപുഴ പുറപ്പുഴയിൽ ശ്രീ. പി. ജെ ജോസഫ് എം.എൽ.എ പാഠപുസ്തക വിതരണ ഉദ്ഘാടനം നിർവഹിക്കുന്നു.



വയനാട് ജില്ലാതല പാഠപുസ്തക വിതരണം ഉദ്ഘാടനം അഡ്വ. ടി. സിദ്ദിഖ് എം.എൽ.എ നിർവഹിക്കുന്നു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സംഷാദ് മരക്കാർ സമീപം.



മലപ്പുറം ജില്ലയിൽ വെട്ടത്തൂർ പഞ്ചായത്ത്തല പാഠപുസ്തക വിതരണ ഉദ്ഘാടനം ഡോ. എം.പി. അബ്ദുസ്സമദ് സമദാനി എം.പി. നിർവഹിക്കുന്നു.



മലപ്പുറം ജില്ലയിൽ ഊരകം പഞ്ചായത്ത്തല പാഠപുസ്തക വിതരണം ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.



തിരുവനന്തപുരം ജില്ലയിൽ അഴൂർ പഞ്ചായത്ത്തല പാഠപുസ്തക വിതരണ ഉദ്ഘാടനം അഡ്വ. വി. ജോയ് എം.എൽ.എ നിർവഹിക്കുന്നു.



തിരുവനന്തപുരം ജില്ലയിലെ ബീമാപള്ളി പത്തേക്കർ സുനാമി കോളനിയിൽ പാഠപുസ്തക വിതരണ ഉദ്ഘാടനം ഡെപ്യൂട്ടി മേയർ ശ്രീ. പി.കെ. രാജു നിർവഹിക്കുന്നു.

## ജില്ലകളിലെ പാഠപുസ്തക വിതരണം













## ജില്ലാതല ക്ലാസ്സുകളുടെ ഉദ്ഘാടനം



## 2022 ജനുവരി 31 വരെയുള്ള പഠിതാക്കൾ

| | |
|---|---|
| ആകെ | 1,71,441 |
| സ്ത്രീ | 1,34,621 |
| പുരുഷൻ | 36,818 |
| ടി. ജി. | 2 |

**എസ്. സി പഠിതാക്കൾ**

| | |
|---|---|
| ആകെ | 58444 |
| സ്ത്രീ | 47249 |
| പുരുഷൻ | 11195 |
| ടി. ജി | 0 |

**എസ്. ടി പഠിതാക്കൾ**

| | |
|---|---|
| ആകെ | 18825 |
| സ്ത്രീ | 13474 |
| പുരുഷൻ | 5351 |
| ടി. ജി | 0 |

**ന്യൂനപക്ഷവിഭാഗം പഠിതാക്കൾ**

| | |
|---|---|
| ആകെ | 55052 |
| സ്ത്രീ | 43139 |
| പുരുഷൻ | 11911 |
| ടി. ജി | 2 |

**ഇതരവിഭാഗം പഠിതാക്കൾ**

| | |
|---|---|
| ആകെ | 39120 |
| സ്ത്രീ | 30759 |
| പുരുഷൻ | 8361 |
| ടി. ജി | 0 |



മലപ്പുറം ജില്ലയിലെ പോരൂർ പഞ്ചായത്ത്തല ക്ലാസ് ഉദ്ഘാടനം ശ്രീ. എ.പി. അനിൽകുമാർ എം.എൽ.എ നിർവഹിച്ചു. പോരൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.മുഹമ്മദ് ബഷീർ അധ്യക്ഷനായി.



ഇടുക്കി ചക്കുപള്ളം, പളിയക്കുടി ട്രൈബൽ കമ്മ്യൂണിറ്റി ഹാളിൽ സംഘടിപ്പിച്ച ജില്ലാതല പ്രവേശനോത്സവം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ജിജി കെ. ഫിലിപ്പ് സാക്ഷരതാപഠിതാവായ ഊരുമൂപ്പൻ ഗണേശനെ അക്ഷരം എഴുതിച്ച് ഉദ്ഘാടനം ചെയ്യുന്നു. ചക്കുപള്ളം പഞ്ചായത്ത് പ്രസിഡന്റ് പി.കെ. രാമചന്ദ്രൻ അധ്യക്ഷനായി.

## വിവിധ പരിപാടികൾ



ഇടുക്കി ജില്ലയിൽ പഠ്ന ലിഖ്ന അഭിയാൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ചേർന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗം ശ്രീ. വാഴൂർ സോമൻ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.



വയനാട് ജില്ലാതല സർവേ ഉദ്ഘാടനം മൂപ്പൈനാട് പാടിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സംഷാദ് മരക്കാർ നിർവഹിച്ചു. മൂപ്പൈനാട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എ.കെ. റഫീഖ് അധ്യക്ഷനായി.



പാലക്കാട് പറമ്പിക്കുളം കടുവാ സങ്കേതത്തിലെ ആറ് കോളനികളെ കൂടി പഠ്ന ലിഖ്ന അഭിയാൻ പദ്ധതിയുടെ ഭാഗമാക്കുന്നതിനായി പഠിതാക്കളുടെ വിവരശേഖരണ പ്രവർത്തനങ്ങളിൽ സാക്ഷരതാമിഷൻ ഫിനാൻസ് ഓഫീസർ ശ്രീ. അജിത് കുമാർ, അസി. ഡയറക്ടർ ശ്രീ. സന്ദീപ് ചന്ദ്രൻ എ, ജില്ലാ കോ- ഓർഡിനേറ്റർ ശ്രീ. മനോജ് സെബാസ്റ്റ്യൻ എന്നിവർ പങ്കാളികളായപ്പോൾ.



വയനാട് ജില്ലാതല സംഘാടകസമിതി യോഗം ജില്ലാപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ. എം. മുഹമ്മദ് ബഷീർ ഉദ്ഘാടനം ചെയ്യുന്നു.

Edited, Printed & Published by Dr. P S Sreekala, Director, Kerala State Literacy Mission Authority, 'Aksharam', Near Pettah Govt. Boys HSS, Pettah P.O., Thiruvananthapuram-24
Assistant Editors : Shaimy E.P., Chithra Narayanan. Design: Mrinal. Printing & Layout : Color Track Communication Ph: 9447719387